**ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം**
(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)
(ഹാജർ: ബി. മോഹനൻ ഐ.എ.എസ്.)

നം. എൽ.ആർ. (എൻ)1- 401/2014 തീയതി. 22-09-2014

വിഷയം: റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ പരിശീലനം - തിരുവനന്തപുരം കേന്ദ്രം - പരിശീലനത്തിൽ നിന്നും ഒഴിവാക്കുന്നത്/ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:
1. ഈ കാര്യാലയത്തിലെ 16-09-2014 ലെ മേൽ നമ്പർ നടപടിക്രമം.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24-09-2014 ലെ എസ്7- 13154/14 നമ്പർ കത്ത്.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 19-9-2014 ലെ എ1-101/2014 നമ്പർ കത്ത്.
4. കോട്ടയം ജില്ലാ കളക്ടറുടെ 18-9-2014 ലെ എ2- 1330/14 നമ്പർ കത്ത്.
5. എറണാകുളം ജില്ലാ കളക്ടറുടെ 19-9-2014 ലെ ഇ1-07/2014 നമ്പർ ഫാക്സ് സന്ദേശം.
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 26-8-2014 ലെ ഫാക്സ് സന്ദേശം.
7. എറണാകുളം ജില്ലാ കളക്ടറുടെ 19-08-2014 ലെ ഇ1-07/2014 നമ്പർ ഫാക്സ് സന്ദേശം.
8. മലപ്പുറം ജില്ലാ കളക്ടറുടെ 28-8-2014 ലെ ഫാക്സ് സന്ദേശം.

.....

സൂചന (1) നടപടിക്രമം പ്രകാരം തിരുവനന്തപുരം കേന്ദ്രത്തിൽ 22-09-2014 മുതൽ ആരംഭിക്കുന്ന ചെയിൻ സർവ്വേ പരിശീലനത്തിന് നിയോഗിക്കപ്പെട്ടവരിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ശ്രീമതി വീണാകൃഷ്ണൻ (ക്രമ നം.-6) ശ്രീ. ദേവൻ ജി.ജെ. (ക്രമ നം.-3) എന്നിവരെയും ആലപ്പുഴ ജില്ലയിൽ നിന്നും ശ്രീ. ഫാസിൽ. എസ്. മുഹമ്മദ് (ക്രമ നം.-20) എന്നവരെയും കോട്ടയം ജില്ലയിൽ നിന്നും ശ്രീമതി ഷമീന. പി.എസ്. (ക്രമ നം.-22) എന്നവരെയും എറണാകുളത്തു നിന്നും ശ്രീമതി ശ്രീജ. ആർ. (ക്രമ നം-29) എന്നവരെ ഒഴിവാക്കി പകരം ശ്രീ. അരുൺകുമാർ എം.പി. എന്നവരെ ഉൾപ്പെടുത്തുന്നതിനും യഥാക്രമം സൂചന (2), (3), (4), (5) കത്തുകൾ പ്രകാരം, അതാതു ജില്ലാ കളക്ടർമാർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

ടി. സാഹചര്യത്തിൽ 22-09-2014 മുതൽ തിരുവനന്തപുരം കേന്ദ്രത്തിൽ വച്ച് നടത്തുന്ന ചെയിൻ സർവ്വേ പരിശീലനത്തിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള ശ്രീമതി വീണാകൃഷ്ണൻ, ശ്രീ. ദേവൻ. ജി.ജെ. എന്നിവരെയും ആലപ്പുഴ ജില്ലയിൽ നിന്നും ശ്രീ. ഫാസിൽ .എസ്. മുഹമ്മദ് എന്നവരെയും കോട്ടയം ജില്ലയിൽ നിന്നും ശ്രീമതി ഷമീന പി.എസ്. എന്നവരെയും എറണാകുളം ജില്ലയിൽ നിന്നും ശ്രീമതി ആർ. ശ്രീജ എന്നവരെ ഒഴിവാക്കിക്കൊണ്ടും പകരമായി സൂചന (5), (6), (7), (8) കത്തുകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും ശ്രീ. സജി. എം.ജി., എൽ.ഡി.സി., എറണാകുളം ജില്ലയിൽ നിന്നും ശ്രീമതി അശ്വതി. വി.എസ്. എൽ.ഡി.സി., ശ്രീ. അരുൺ കുമാർ എം.പി. എൽ.ഡി.സി., ശ്രീമതി സ്മിത. ജി. എൽ.ഡി.സി. മലപ്പുറം ജില്ലയിൽ നിന്നും ശ്രീ. രഞ്ജിത്ത്. സി. എൽ.ഡി.സി. എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

പരിശീലനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ സേവന പുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതും സ്വന്തം അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശീലനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ റിലിംഗ്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് അവരുടെ സേവന പുസ്തകത്തിൽ പതിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ 22-09-2014 തീയതി പ്രാബല്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ/ഉദ്യോഗസ്ഥർ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുൻപ് ചെയിൻ സർവ്വേ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം വിടുതൽ ചെയ്യേണ്ടതും പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സേവന പുസ്തകത്തിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക് (ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖാന്തിരം)
പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം.
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ആഫീസ്, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, തിരുവനന്തപുരം
4. ജില്ലാ കളക്ടർ, ആലപ്പുഴ
5. ജില്ലാ കളക്ടർ, കോട്ടയം
6. ജില്ലാ കളക്ടർ, എറണാകുളം, മലപ്പുറം
7. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

T8/22/09